കേരള സർക്കാർ

# മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം
www.lfa.kerala.gov.in
e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ/ഇ.കെ.എം (ബി.പി.) 291/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം ജില്ല
ഫോൺ നം. 0484 2422271
ഇ-മെയിൽ : doekm.ksad@kerala.gov.in
തീയതി-11.3.2019

ജോയിന്റ് ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം:- മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത്- 2017 - 18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂവാറ്റുപുഴ ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :-

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ, എറണാകുളം
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ /ഇ.കെ.എം (ബി.പി.)291/2019

തിയതി : 11.3.2019

## എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 1.11.2017 മുതൽ 4.2.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒന്നിനും മറുപടി ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | കെ.ജി.മിനിമോൾ<br>ജോയിന്റ് ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 15.2.2019 മുതൽ<br>21.2.2019 വരെ | ശ്രീ.സി.സി.ജ്യോതിമോൻ,<br>ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.ജലജ .എം. കെ.<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.സ്വപ്ന.വി.<br>ഓഡിറ്റർ |

### (ബി) നിർവ്വഹണാധികാരികൾ

#### 1) പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീമതി.ജോസി ജോളി വട്ടക്കുഴി | 01.04.2017മുതൽ 31.03.2018 വരെ |

#### 2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ.എം.വി.വിഷ്ണു നമ്പൂതിരി | 1.4.17മുതൽ 29.4.17വരെ |

| | | |
|---|---|---|
| 2 | ശ്രീമതി.ശ്രീദേവി.കെ.ജി.<br>ഹെഡ് ക്ലാർക്ക് (ഇൻ ചാർജ്ജ്) | 30.4.17മുതൽ 4.6.17വരെ |
| 3 | ശ്രീമതി.നൈസി റഹ്മാൻ | 5.6.17മുതൽ 31.3.18വരെ |

3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | പായിപ്ര കൃഷ്ണൻ | 01.04.2017മുതൽ 31.03.2018 വരെ |
| 2 | വികസന കാര്യം | ജാൻസി ജോർജ് | 01.04.2017 മുതൽ 31.03.2018 വരെ |
| 3 | ക്ഷേമകാര്യം | ഒ.പി.ബേബി | 01.04.2017 മുതൽ 31.03.2018 വരെ |
| 4 | ആരോഗ്യ / വിദ്യാഭ്യാസ കാര്യം | ലിസി ജോളി | 01.04.2017മുതൽ 31.03.2018 വരെ |

4 മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീ.മോഹനൻ.കെ | 01.04.2017മുതൽ 31.03.2018വരെ |
| 2 | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി. ടി.എൻ.മിനി | 01.04.2017മുതൽ 7.11.17 വരെ |
| | | ശ്രീമതി. ശ്രീകല.എം.ചന്ദ്രൻ | 8.11.17 മുതൽ 31.3.18വരെ |
| 3 | സി.ഡി.പി.ഒ | ശ്രീമതി. ആശസുമന | 01.04.2017മുതൽ 27.6.17വരെ |
| | | ശ്രീമതി. സൗമ്യ ജോസഫ് | 28.6.17 മുതൽ 31.3.18വരെ |
| 4 | പട്ടികജാതി വികസന ഓഫീസർ | ശ്രീ.ജോൺ മാത്യു | 01.04.2017മുതൽ 23.6.17വരെ |
| | | ശ്രീ.വിൽസൺ മത്തായി | 24.6.17 മുതൽ 13.11.2017വരെ |
| | | ശ്രീമതി.ഷൈനിമോൾ.കെ.ബി | 13.11.2017മുതൽ 31.03 2018വരെ |
| 5 | ക്ഷീരവികസന ഓഫീസർ | ശ്രീ.കെ.പൗലോസ് | 01.04.2017മുതൽ 31.05.2017വരെ |
| | | ശ്രീ. ഫ്രാൻസിസ് ജോൺ | 01.06.2017മുതൽ 19.06.2017 വരെ |
| | | ശ്രീമതി. അഞ്ജു കുര്യൻ | 20.6.17 മുതൽ 23.7.17 വരെ |
| | | ശ്രീമതി. മെറീന പോൾ | 24.7.17മുതൽ 31.3.18വരെ |
| 6 | വ്യവസായ വികസന ഓഫീസർ | ശ്രീമതി.പ്രിയ പോൾ | 01.04.2017മുതൽ 31.03.2018വരെ |
| 7 | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | ഡോ. ടി.കെ. മോഹൻദാസ് | 01.04.2017മുതൽ 31.3.2018വരെ |

ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | രസീതു പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ | 2-1 |
| 14 | രജിസ്റ്ററുകളുടെ സൂക്ഷിപ്പ്-ക്രമക്കേടുകൾ | 2-2 |
| 15 | കെട്ടിട വാടക പിഴപലിശ ഈടാക്കിയതിൽ കുറവ്. | 2-3 |
| | ഭാഗം 3 | |
| 16 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല,ചെലവുതുക 4,97,180/-രൂ തടസ്സപ്പെടുത്തുന്നു. | 3-1 |
| 17 | തുക മുഴുവൻ ചെലവഴിച്ചില്ല, തുക55,540/- തടസ്സപ്പെടുത്തുന്നു. | 3-2 |
| 18 | സെന്റേജ് ചാർജ്ജ് അധിക നിരക്ക് നല്കി | 3-3 |
| 19 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല-തടസ്സം-5,60,000/-രൂപ | 3-4 |
| 20 | ബാക്ക് എൻഡഡ് സബ്സിഡി-ആനുകൂല്യം | 3-5 |
| 21 | സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല. | 3-6 |
| 22 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് – അധിക തുക നൽകി | 3-7 |
| 23 | മരുന്ന് മുഴുവൻ ലഭ്യമായില്ല | 3-8 |
| 24 | നിശ്ചിത സമയ പരിധിക്കുള്ളിൽ കരാർ വെയ്ക്കാത്ത പ്രവൃത്തികൾക്ക് ഫൈൻ ഈടാക്കിയില്ല. | 3-9 |
| 25 | വിനിയോഗ സാക്ഷ്യപത്രപ്രകാരം അധിക തുക തിരികെ നൽകിയിട്ടും അധികം ഈടാക്കിയ സെന്റേജ് ചാർജ്ജ് കുറവ് ചെയ്തില്ല. | 3-10 |
| 26 | ചെലവ് പത്രികയിലെ വിവരങ്ങൾ പൂർണ്ണമല്ല | 3-11 |
| 27 | മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ അപാകതകൾ. | 3-12 |
| 28 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ചെലവ് വിവരങ്ങൾ പൂർണ്ണമായും ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 3-13 |
| 29 | ഐ.കെ.എം-ന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ-അപാകതകൾ. | 3-14 |
| | ഭാഗം 4 | |

| | | |
|---|---|---|
| 30 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 31 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 33 | വായ്പ / വായ്പ തിരിച്ചടവ് | 4-4 |
| 34 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 35 | ഓഡിറ്റ് റിക്കവറി | 4-6 |
| 36 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 37 | ചാർജ്ജ് സർചാർജ് നടപടികളുടെ വിവരം | 4-8 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 40 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 41 | ഇൻകം & എക്സ്പെൻഡിച്ചർ പത്രിക | അനുബന്ധം-2 |
| 42 | റെസീപ്റ്റ് & പേയ്മെന്റ് പത്രിക | അനുബന്ധം-3 |
| 43 | ബാലൻസ് ഷീറ്റ് | അനുബന്ധം-4 |


.

# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 24.3.17ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 191909036 | 191909036 |
| വാർഷിക കണക്ക് പ്രകാരം | 50078337 | 61730597 |

.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-18 | 31.7.2018 | 12.06.2018 |

.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നം./ തീയതി |
|---|---|---|
| 2017-18 | 5.10.18, 6.10.18 | കെ.എസ്.എ-ഇ.കെ.എം (ബി.പി) 2046/18/ 12.10.2018. |

.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 26489165 |
| വരവ് | 50078337 |
| ആകെ | 76567502 |
| ചെലവ് | 61730597 |
| നീക്കിയിരിപ്പ് | 14836905 |

.

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | | മുൻ ബാക്കി | തൻവർഷ വരവ് (എ.സി.ആർ പ്രകാരം) | ആകെ | ചെലവ് (എ.സി.ആർ പ്രകാരം) | ചെലവ് ശതമാനം | നീക്കി ബാക്കി |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 00 | 30992676 | 30992676 | 22280095 | 72 | 00 |
| വികസന ഫണ്ട് (എസ്.സി.പി.) | | 00 | 6717000 | 6717000 | 6329372 | 94 | 00 |
| വികസന ഫണ്ട് (റ്റി.എസ്.പി) | | 00 | 345000 | 345000 | 345000 | 100 | 00 |
| സംരക്ഷണ ഗ്രാൻറ് (റോഡിതരം) | | 00 | 3961000 | 3961000 | 3648238 | 92.10 | 00 |
| IAY administration | | 31069 | 00 | 31069 | 25314 | 81 | 5755 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | | 1566867 | 3582000 | 5148867 | 5026394 | 97.6 | 122473 |
| STSB 14 | | 260659 | 00 | 260659 | 00 | 00 | 260659 |
| SBI sec | | 8763 | 00 | 8763 | 8763 | 100 | 00 |
| SIGN for SHGs | | 3385 | 130 | 3515 | 00 | 00 | 3515 |
| ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ | ഗ്രാമ പഞ്ചായത്ത് | 12406083 | 1578644 | 13984727 | 7819970 | 55.9 | 6164757 |
| | ജില്ലാ പഞ്ചായത്ത് | 5167945 | 8585000 | 13752945 | 8796746 | 63.96 | 4956199 |
| | ബ്ലോക്ക് പഞ്ചായത്ത് | 6255863 | 00 | 6255863 | 3864750 | 61.77 | 2391113 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | TSC | 251662 | 178646 | 430308 | 2429 | 0.56 | 427879 |
| | സാക്ഷരത | 00 | 25000 | 25000 | 25000 | 100 | 00 |
| | EDCB, IAY(loan) | 10219 | 00 | 10219 | 00 | 00 | 10219 |
| | ഐ.എ.വൈ | 573172 | 1914380 | 2487552 | 2059673 | 82.79 | 427879 |
| pycka | | 179296 | 6679 | 185975 | 00 | 00 | 185975 |
| UBI misc. | | 346554 | 00 | 346554 | 38193 | 11.02 | 308361 |
| ക്യാഷ് (തനത്) | | 800 | 00 | 800 | 800 | 100 | 00 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 117 | 60062557 | 75 | 32602705 | 13 | 29 | 64.10 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 314251 | 00 | 314251 | 308496 | 5755 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 00 | 0 | 0 | 0 | 00 |
| ആകെ | 314251 | 00 | 314251 | 308496 | 5755 |

## 1-8 ക്ഷേമപദ്ധതികൾ

ഇല്ല.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.2.2019 ന് ഹെഡ് ക്ലാർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ പ്രസ്തുത ദിവസം കളക്ഷനൊന്നും ഉണ്ടായിരുന്നില്ലായെന്നത് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

തദ്ദേശ സ്ഥാപനങ്ങളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

2. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ രസീതുപയോഗിച്ച് സമാഹരിക്കുന്ന തുകയിൽ വാറ്റ്/ജി.എസ്.ടി ഇനത്തിൽ സമാഹരിക്കുന്ന തുക കുറവ് ചെയ്ത് ബാലൻസ് തുക മാത്രമാണ് ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്ക് വരുത്തുന്നത്. ഇത് ക്രമപ്രകാരമല്ല.

3.തപാലുകളുടെ തീർപ്പാക്കൽ വിവരങ്ങൾ നിരീക്ഷിക്കുന്നതിനായി അതാത് സെക്ഷനുകൾ സൂക്ഷിക്കേണ്ട പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

4. ചരക്കുകളുടേയും സേവനങ്ങളുടേയും വാർഷിക വാങ്ങലുകൾക്ക് നിശ്ചിത തുക ബജറ്റിൽ വകയിരുത്തുക മാത്രമാണ് ചെയ്യുന്നത്. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല.

5. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.

6. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

7. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല.

8. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

9. തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 4.10.18മുതൽ 12.10.2018 വരെ | 2017-18 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.12.14 മുതൽ 20.12.14 വരെ | 2009-10 മുതൽ 2013-14 വരെ | 18.4.2015 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

കെ.എസ്.എ-ഇ.കെ.എം(ബി.പി) 2046//18/ 12.10.2018 നമ്പരായുള്ള ഓഡിറ്റ് സാക്ഷ്യപത്രത്തിൽ വിശദ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി 2017-18 ൽ ചെലവഴിച്ച തുകയിൽ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 38870 രൂപയുടെ ചെലവ് വിവരങ്ങൾ മാത്രമേ ധനകാര്യ പത്രികയിലെ റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടുള്ളൂ. കൂടാതെ സംയുക്ത പദ്ധതികൾക്കായി ഗ്രാമ / ജില്ല പഞ്ചായത്തുകളിൽ നിന്നും ലഭിച്ചിട്ടുള്ള തുകയായി ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ള തുകകളിൽ ഭീമമായ വ്യത്യാസം നിലനിൽക്കുന്നു. ഉദാ: ഗ്രാമ പഞ്ചായത്തിൽ നിന്നും 5159000/- രൂപയാണ് ചെലവ് പത്രിക പ്രകാരമുള്ളത്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ഇത് 1571924 രൂപയാണ്. അതുപോലെ ജില്ലാ പഞ്ചായത്തിൽ നിന്നും ചെലവ് പത്രിക പ്രകാരം 1730000 രൂപയും വാർഷിക ധനകാര്യ പത്രികയിൽ 8585000 രൂപയുമാണ്. വ്യത്യാസം ക്രമപ്പെടുത്തേണ്ടതാണ്.

# ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

**1.**ടെണ്ടർ ഫോം വില്പനയിനത്തിൽ അസിസ്റ്റന്റ് എക്സികൃൂട്ടീവ് എഞ്ചിനീയർ സമാഹരിച്ച തുക ഒടുക്ക് വരുത്തിയതിൽ കുറവ്

| ക്രമനമ്പർ | രസീത് ബുക്ക് നമ്പർ /രസീത് നമ്പർ/തീയതി | സമാഹരിച്ച തുക | ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്ക് വരുത്തിയ തുക | സാംഖ്യ രസീതു നമ്പർ /തീയതി | കുറവ് |
|---|---|---|---|---|---|
| 1 | 1/74&75 22/6/17 | 1050 | 1000 | 117040100028/27/6/17 | 50 |
| 2 | 1/76/30.1.18 | 560 | 500 | സാംഖ്യ രസീത് കൗണ്ടർ ഫോയിൽ വ്യക്തമല്ല. സാംഖ്യ രസീതു കൗണ്ടർ ഫോയിൽ കൈകൊണ്ടെഴുതി സൂക്ഷിച്ചിരിക്കുന്നു. | 60 |
| 3 | 1/77മുതൽ 90 വരെ/9.3.18 | 10640 | 9500 | സാംഖ്യ രസീതു കൗണ്ടർ ഫോയിൽ ലഭ്യമല്ല. | 1140 |
| ആകെ | | | | | 1250 |

2. ടെണ്ടർ ഫോം വില്പനയിനത്തിൽ ചൈൽഡ് ഡവലപ്പ്മെന്റ് പ്രോഗ്രാം ഓഫീസർ മൂവാറ്റുപുഴ സമാഹരിച്ച തുകയിൽ ഒടുക്ക് വരുത്തിയതിൽ കുറവ്.

| ക്രമ നം. | രസീതുബുക്ക് നമ്പർ/രസീത് നമ്പർ/തീയതി | സമാഹരിച്ച തുക | ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്ക് വരുത്തിയ തുക | സംഖ്യ രസീത് നമ്പർ/തീയതി | കുറവ് |
|---|---|---|---|---|---|
| 1 | 16/1/24.11.17 | 472 | 400 | കൗണ്ടർ ഫോയിൽ വ്യക്തമല്ല. സാംഖ്യ രസീതു കൗണ്ടർഫോയിൽ കൈകൊണ്ടെഴുതി സൂക്ഷിച്ചിരിക്കുന്ന | 72 |
| 2 | 16/2 മുതൽ 3 വരെ/24.11.17 | 944 | 800 | സാംഖ്യ രസീത് കൗണ്ടർ ഫോയിൽ വ്യക്തമല്ല. സാംഖ്യ രസീതു കൗണ്ടർ ഫോയിൽ കൈകൊണ്ടെഴുതി സൂക്ഷിച്ചിരിക്കുന്നു. | 144 |
| 3 | 17/3-5/5.11.18, 7.11.18 | 1680 | 1500 | സാംഖ്യ രസീത് കൗണ്ടർ ഫോയിൽ വ്യക്തമല്ല. സാംഖ്യ രസീതു കൗണ്ടർ ഫോയിൽ കൈകൊണ്ടെഴുതി | 180 |

| | | | | | |
|---|---|---|---|---|---|
| | | | | സൂക്ഷിച്ചിരിക്കുന്നു. | |
| ആകെ | | | | | 396 |

ടെണ്ടർ ഫോം വില്പനയിനത്തിൽ കുറവു വന്ന ആകെ തുക 1646 രൂപ. ടി തുക ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ 2/20.2.2019 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

## 2-2 രജിസ്റ്ററുകളുടെ സൂക്ഷിപ്പ്-ക്രമക്കേടുകൾ

1.രസീത് ബുക്ക്- ഒരു സാമ്പത്തിക വർഷം ഉപയോഗിച്ച ശേഷം രസീതുകൾ ബാക്കിയുണ്ടെങ്കിൽ അവ ക്യാൻസൽ ചെയ്യേണ്ടതാണ്. രസീത് വരവു വളരെ കുറവാണ് എന്നതിനാൽ ബാക്കി വരുന്ന രസീതുകൾ ക്യാൻസൽ ചെയ്യാതെ അടുത്ത സാമ്പത്തിക വർഷവും ഉപയോഗിക്കുകയാണെങ്കിൽ ആയതിന് പ്രത്യേകം നോട്ട് എഴുതി സൂക്ഷിക്കേണ്ടതാണ്.

2.ഡേ ബുക്ക്, ചിട്ട എന്നിവ ദിവസേന ക്ലോസ് ചെയ്ത് പ്രിന്റ് എടുത്ത് സെക്രട്ടറിയും അക്കൗണ്ടന്റും സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

3.അക്വിറ്റൻസ് രജിസ്റ്റർ, ഇൻകുമ്പൻസി രജിസ്റ്റർ, ജനറേറ്റർ-ഫ്യുവൽ രജിസ്റ്റർ,സ്റ്റോക്ക് രജിസ്റ്റർ,ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല.

4.വൗച്ചറിനൊപ്പം അവശ്യം വേണ്ടതായ എല്ലാ അനുബന്ധരേഖകളും സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

5.രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ ഗ്രാമലക്ഷ്മിയിൽ നിന്നും രസീത് ബുക്കുകൾ വാങ്ങിച്ചതിന്റെ എണ്ണം, വിതരണം ചെയ്തതിന്റെ എണ്ണം, ശേഷിക്കുന്ന രസീതു ബുക്കുകളുടെ എണ്ണം എന്നിവ എഴുതി സൂക്ഷിക്കുന്നില്ല.

6.കെട്ടിട വാടക രജിസ്റ്ററിൽ വാടകയ്ക്ക് നൽകിയിട്ടുള്ള കെട്ടിടങ്ങളുടെ നമ്പർ, എഗ്രിമെന്റ് വിവരങ്ങൾ ,പ്രതിമാസ വാടക തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. വർഷാവസാനം ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

7. അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

ജി.ഒ (പി)419/2011/ധനം 04.10.2011 പ്രകാരം വർക്ക് അഡ്വാൻസുകൾ,താത്കാലിക അഡ്വാൻസുകൾ ( കെ.എഫ്.സി അനുഛേദം 99 പ്രകാരമുള്ളത്) കൈപ്പറ്റി മൂന്നു മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കണം. അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചിട്ടും പൂർണ്ണമായി വിനിയോഗിക്കാത്ത തുകയ്ക്ക് ഒരു വർഷത്തേയ്ക്ക് 18% നിരക്കിൽ പലിശ ഈടാക്കണം. അല്ലെങ്കിൽ മുഴുവൻ തുകയും തുക പിൻവലിച്ച ദിവസം മുതൽ 18% പലിശ സഹിതം തിരിച്ചു പിടിക്കണം. മൂവാറ്റുപുഴ ബ്ലോക്കു പഞ്ചായത്തിൽ അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ അഡ്വാൻസ് ക്രമീകരിച്ചത് പരിശോധിക്കാൻ സാധിച്ചിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ 15/21.2.2019 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

## 2-3 കെട്ടിട വാടക പിഴപ്പലിശ ഈടാക്കിയതിൽ കുറവ്.

ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടങ്ങളിലെ കടമുറികൾ വാടകയ്ക്ക് നൽകിയതിൽ താഴെ പറയുന്ന കെട്ടിടങ്ങളുടെ വാടകക്കുടിശിക ഈടാക്കിയപ്പോൾ പലിശ ഈടാക്കിയതിൽ കുറവ് കാണുന്നു.

| ക്രമ നം | കെട്ടിട നമ്പർ/ വാടകയ്ക്ക് പ്രവർത്തിക്കുന്ന സ്ഥാപനം | പ്രതിമാസ വാടക | വാടക ഈടാക്കിയ കാലയളവ് | ഈടാക്കിയ തുക/ രസീത് നമ്പർ | ഈടാക്കിയ പലിശ | ഈടാക്കേണ്ട പലിശ @1% | കുറവ് |
|---|---|---|---|---|---|---|---|
| 1 | കരുണ എസ്.എച്ച്.ജി കല്ലൂർക്കാട്, I/3 | 500 | 12/2015-6/16 | 3640 358748/ 4.7.17 | 140 | 1050 | 910 |
| 2 | ഐശ്വര്യ ആക്ടിവിറ്റി ഗ്രൂപ്പ് 9/1ആയവന | 600 | 3/16- 4/17 | 358815/ 11.1.18, 9687 | 1287 | 1656 | 369 |
| 3 | പൈൻശ്രീ പ്രോസസിംഗ് യൂണിറ്റ് 3/7 | 1100 | 10/2016 മുതൽ 10/17വരെ | 358804/ 17.11.17 14100 | 00 | 1155 | 1155 |
| | ആകെ | | | | | | 2434 |

പൈൻശ്രീ പ്രോസസിംഗ് യൂണിറ്റിൽ നിന്നും മേൽ കാലയളവിലെ വാടക ഈടാക്കിയതിൽ ആകെ 13 മാസത്തേക്ക് 14300 രൂപ ഈടാക്കേണ്ടതിൽ 14100 രൂപ മാത്രമേ ഈടാക്കിയിട്ടുള്ളൂ. ഈയിനത്തിൽ 200 രൂപയുടെ കുറവ് കാണുന്നു. മേൽ സൂചിപ്പിച്ച വിധം പലിശയിനത്തിൽ കുറവ് വന്ന 2434 രൂപയും വാടകയിൽ കുറവ് വന്ന 200 രൂപയും ഉൾപ്പെടെ ആകെ 2634 രൂപ ബന്ധപ്പെട്ട വാടകക്കാരിൽ നിന്നോ നഷ്ടോത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ 10/21.2.2019 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല,ചെലവുതുക 4,97,180/-രൂ തടസ്സപ്പെടുത്തുന്നു.

മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ താഴെ പറയുന്ന നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

| ക്രമ നം. | പ്രോജക്റ്റ് നം | പ്രവൃത്തി | അടങ്കൽ | ചെലവ്/- ബിൽ നം | തുക കൈപ്പറ്റിയത് |
|---|---|---|---|---|---|
| 1 | 10/18 | ആരക്കുഴ- കീഴിമടങ്ങ് | 60,000/- | 59960/- 12/17-18, | അസിസ്റ്റന്റ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ |

| | | | | | |
|---|---|---|---|---|---|
| | | പ്ലാന്തോട്ടത്തിൽ റോഡിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | | 28.10.17 | നം.-1 മൂവാറ്റുപുഴ |
| 2 | 009/18 | വാളകം പഞ്ചായത്ത്- പോത്തനാംചിറ- കടാതിപാടം റോഡിൽ വൈദ്യുതിലൈൻ ദീർഘിപ്പിക്കൽ | 1,00,000/- | 99840/- 13/17-18 28.10.17 | |
| 3 | 0150/18 | ആയവന ഗ്രാമ പഞ്ചായത്ത്- അഞ്ചൽപെട്ടി ഡിവിഷൻ 4,5,14 വാർഡു കളിൽ വൈദ്യുതിലൈൻ വലിക്കൽ | 2,00,000/- | 196250/- 46/17-18 /21.03.18 | 150000/- ഇലക്ട്രിക്കൽ സെ. പോത്താനിക്കാട്, 46250/- ഇലക്ട്രിക്കൽ സെക്ഷൻ നം.-2 മൂവാറ്റുപുഴ |
| 4 | 25/18 | ആവോലി ഗ്രാമപഞ്ചായത്ത്- വാർഡ്-7 വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 1,60,000/- | 121130/- 15/17-18 തീ. 28.10.17 | |
| 5 | 0016/18 | ഐ.കെ.എം-ന് ബ്ലോ.പ. വിഹിതം നൽകൽ | 20,000/- | 20,000/- 14/17-18 28.10.17 | ഐ.കെ.എം |

ക്രമ നം. 4 തുക കൈപ്പറ്റിയതിനും രേഖ ഹാജരാക്കിയില്ല. മേൽ പ്രവൃത്തികളുടെ പൂർത്തീകരണസാക്ഷ്യപത്രം, കൈപ്പറ്റുരേഖ എന്നിവ ഹാജരാക്കാൻ ആവശ്യപ്പെട്ടു നൽകിയ 30ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയോ രേഖകളോ ഹാജരാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ വന്നിട്ടുള്ള ആകെ ചെലവുതുകയായ 4,97,180/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-2 ഭിന്ന ശേഷിയുള്ള കുട്ടികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - ചെലവ് തുക 55,540/- തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് | ഭിന്നശേഷിയുള്ള കുട്ടികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് |
| പ്രോജക്ട് നം. | എസ് 0066/18 |
| നിർവ്വഹണം | ചൈൽഡ് ഡെവലപ്മെന്റ് പ്രോഗ്രാം ഓഫീസർ |
| അടങ്കൽ | 1000000/- |
| ചെലവ് | 1000000/- |

മേൽ പദ്ധതിയ്ക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. ബിൽ

നം. 1/17-18 തീ.15.09.17 പ്രകാരം നൽകിയ 653061/-രൂപയിൽ (ആകെ ചെലവായ 1000000/-രൂപയിൽ ഉൾപ്പെട്ട തുക) മഞ്ഞള്ളൂർ പഞ്ചായത്തിന് നൽകിയ163265 രൂപ ഉൾപ്പെടുന്നുണ്ട്. എന്നാൽ മഞ്ഞള്ളൂർ പഞ്ചായത്ത് 107725/-രൂപയുടെ വിനിയോഗസാക്ഷ്യപത്രം മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ബാക്കിയുള്ള 55540/-രൂപയുടെ വിനിയോസാക്ഷ്യപത്രം ഹാജരാക്കാത്തതിന് വിശദീകരണം ഹാജരാക്കാൻ ആവശ്യപ്പെട്ട നൽകിയ 6ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായിട്ടില്ല. ആയതിനാൽ വിനിയോഗിക്കപ്പെടാത്ത 55,540/-രൂപ തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 55540 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 സെന്റേജ് ചാർജ് അധിക നിരക്ക് നല്കി

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ, താഴെ പറയുന്ന പ്രോജക്ടുകൾക്ക് സെന്റേജ് ചാർജ് അധികം നൽകിയിട്ടുണ്ട്.

| ക്രമനം /പഞ്ചായത്ത് | പ്രോജക്ട് നം & പ്രോജക്ട് | എസ്റ്റിമേറ്റ് തുക സെന്റേജ് ചാർജില്ലാതെ | സെന്റേജ് ചാർജ് അനുവദിച്ചത് 12.5% | ലംപ്സം പ്രൊവിഷൻ/ ജി.എസ്.ടി/ മറ്റുള്ളവ | ആകെ | സെന്റേജ് ചാർജ് അനുവദനീയം 10% | അധികം നൽകിയ തുക | തുക/ ബിൽ നമ്പർ തീയതി |
|---|---|---|---|---|---|---|---|---|
| 1.ആരക്കുഴ ഗ്രാമ പഞ്ചായത്ത് | 0146/18 വാർഡ് 2, 132 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 51509/- | 6438.63 | 2051.86 | 60000/- | 5150.9 | 1288/- | 60000/- 42/17-18, 13.03.18 |
| 2. „ | 0008/18 വാർഡ് 2,9 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 134992 | 16874 | 40132/- | 192000/- | 13499 | 3375/- | 192000/- 29/17-18 |
| 3.ആയവന ഗ്രാമ പഞ്ചായത്ത് | 012/18 വാർഡ് 7,12,13 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 198728 | 24841 | 1433 | 225000 | 19873 | 4968/- | 225000/- 35/17-18 28.10.18 |
| 4. „ | 0169/18 വാർഡ് -7 ആലിങ്കപ്പാടം എസ്.സി. കോളനി പൈപ്പ് ലൈൻ നീട്ടൽ | 37566 | 4695.73 | 738.44 | 43000 | 3757 | 939/- | 43000/- 43/17-18/ 13.03.18 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| 5.വാളകം ഗ്രാമ പഞ്ചായത്ത് | 0155/18 ആലിൻ ചുവട്-ഉമ്പാപ്പാടം കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 35401.8 | 4425.22 | 173/- | 40,000/- | 3540/- | 885/- | 40,000/- 41/17-18 /13.03.18 |
| 6. മാറാടി ഗ്രാമ പഞ്ചായത്ത് | 13/18 മണിയം കല്ല് പൈപ്പ് ലൈൻ നീട്ടൽ | 190904/- | 23863/- | 35231 | 250000 | 19090/- | 4773/- | 250000/. 28.10.17 |
| 7. ,, | 0132/18 മണിയംകല്ല് കൊല്ലാർമല കോളനി പൈപ്പ് ലൈൻ നീട്ടൽ | 268016/- | 33502/- | 48480 | 350000/- | 26802/- | 6700/- | 350000/- 22/17-18 06.01.18 |
| 8. മഞ്ഞള്ളൂർ ഗ്രാമ പഞ്ചായത്ത് | 0022/18 വാർഡ് 13 പാറമുണ്ടേൽ ത്താഴം പൈപ്പ് ലൈൻ നീട്ടൽ | 88008/- | 11001/- | 993 | 100000/- | 8800.6 | 2200/- | 1,00,000/- 2/17-18 തീ. 28.10.17 |
| 9.പായിപ്ര ഗ്രാമ പഞ്ചായത്ത് | 0177/17-18 ഒന്നാം മൈൽ കുടക്കാട്ടു കോളനി പൈപ്പ് ലൈൻ നീട്ടൽ | 347712/- | 43464/- | 8823.94 | 400000/- | 34771/- | 8693/- | 4,00,000/- |
| 10. ടി | 0138/18 വിവിധ വാർഡു കളിൽ പൈപ്പ് ലൈൻ നീട്ടൽ | 161211/- | 20151/- | 32638/- | 214000/- | 16121/- | 4030/- | 214000/- 16/17-18. 28.10.17 |
| ആകെ | | | | | | | 37851 | |

സർക്കാർ ഉത്തരവ് പ്രകാരം വാട്ടർ അതോറിട്ടി /പിഡബ്ല്യു.ഡി എന്നിവയുമായി തദ്ദേശസ്ഥാപനങ്ങൾ നടത്തുന്ന ഡെപ്പോസിറ്റ് വർക്കുകളിൽ 12.5% സെന്റേജ്ചാർജ് നൽകേണ്ടതില്ല 10% നൽകിയാൽ മതി. ഈയിനത്തിൽ അനുവദനീയമായതിനേക്കാൾ കൂടുതലായി നൽകിയ 37851/- രൂപ നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ 4-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ഈടാക്കുന്നതിനോ തുടർന്നുള്ള പ്രവൃത്തികളിൽ ക്രമപ്പെടുത്തുന്നതിനോ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു

1) മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് ചൈൽഡ് ഡവലപ്പ്മെന്റ് പ്രോഗ്രാം ഓഫീസർ നടപ്പിലാക്കിയ താഴെ വിശദമാക്കിയിട്ടുള്ള പ്രവൃത്തിയുടെ തുക കൈപ്പറ്റിയിട്ട് പ്രവൃത്തി പൂർത്തീകരിച്ചതിന്റെ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

| ക്രമ നം. | പ്രോജക്ട് / നം | പ്രവൃത്തി | അടങ്കൽ | ചെലവ് / ബിൽ നം | തുക കൈപ്പറ്റിയത് |
|---|---|---|---|---|---|
| 1 | എസ് 0047/18 | അങ്കണവാടി കെട്ടിട നിർമ്മാണം ബ്ലോക്ക വിഹിതം നൽകൽ | 560,000/- | 280000/- ബിൽ നം 4/17-18 തീ 27.03.18 280000/- ബിൽ നം 5/17-18 തീ 27.03.18 ആകെ 5,60,000/-) | സെക്രട്ടറി, മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത്. |

മേൽ തുകയുടെ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 6-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല. പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ ചെലവഴിച്ച 5,60,000/- രൂപ തടസ്സപ്പെടുത്തുന്നു.

2) മൂവാറ്റുപുഴ ബ്ലോക്ക് -കൃഷി അസിസ്റ്റന്റ് ഡയറക്ടർ നടപ്പിലാക്കിയ എസ്0024/18 നെൽകൃഷിക്ക് കൂലിച്ചെലവ് പദ്ധതിക്ക് ബിൽ നം.1/17-18, തീ. 30.10.17 പ്രകാരം 2198800/- രൂപയും , ബിൽ നം.3/17-18, തീ. 24.02.18 പ്രകാരം 130200/- രൂപയും വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ ടി- തുക കിട്ടിയതിനും യഥാവിധി ചെലവഴിച്ചതിനും അതാത് പഞ്ചായത്തുകളിൽ നിന്നും ലഭ്യമായ രേഖ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | പഞ്ചായത്തിന്റെ പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | മഞ്ഞള്ളൂർ ഗ്രാമപഞ്ചായത്ത് | 255000/- |
| 2 | മാറാടി | 357000/- |
| 3 | ആവോലി | 272000/- |

| | | |
|---|---|---|
| 4 | ആരക്കുഴ | 127500/- |
| 5 | വാളകം | 552500/- |
| 6 | പായിപ്ര | 255000/- |
| 7 | കല്ലൂർക്കാട് | 252300/- |
| 8 | ആയവന | 127500/- |
| 9 | കല്ലൂർക്കാട് | 130200/- |

മേൽ ചെലവുകൾക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 12-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല. അതിനാൽ ഈയിനത്തിൽ ചെലവായ 23,29,000/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-5 ബാക്ക് എൻഡഡ് സബ്സിഡി-ആനുകൂല്യം

| | |
|---|---|
| പ്രോജക്ടിന്റെ പേര് | 8 അംഗങ്ങൾ ഉള്ള 4 വനിതാ ഗ്രൂപ്പിന് ഫുഡ് പ്രോസസ്സിംഗ് സ്ഥാപനം ആരംഭിക്കുന്നതിനുള്ള സബ്സിഡി |
| പ്രോജക്ട് നം. | എസ് 0167/18 |
| നിർവ്വഹണം | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | 8,00,000/- |
| ചെലവ് | 7,50,000/-(പദ്ധതി വിഹിതം) |

മേൽ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിനായി 4 വനിതാ ഗ്രൂപ്പുകളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം | യൂണിറ്റിന്റെ പേര് | ലോൺ തുക | സബ്സിഡി തുക |
|---|---|---|---|
| 1 | സൗപർണ്ണികാ കുടുംബശ്രീ യൂണിറ്റ്. (ആയവന ഗ്രാമപഞ്ചായത്ത്) | 200000/-. | 150000/- |
| 2 | കഫേ കുടുംബശ്രീ യൂണിറ്റ് (വാളകം ഗ്രാമപഞ്ചായത്ത്) | 500000/- | 200000/- |
| 3 | അമേയ കട്ട് വെജിറ്റബിൾ യൂണിറ്റ് (ആവോലി ഗ്രാമ പഞ്ചായത്ത്) | 300000/- | 200000/- |
| 4 | കർമ്മല മാതാ കാറ്ററിംഗ് യൂണിറ്റ് (ആവോലി ഗ്രാമപഞ്ചായത്ത്) | 300000/- | 200000/- |
| ആകെ | | | 750000/- |

ബാങ്ക് ലോൺ എടുത്ത് നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്ന യൂണിറ്റുകൾക്ക് സബ്സിഡി തുക ബാങ്കിലേയ്ക്ക് ബാക്ക് എൻഡഡ് സബ്സിഡിയായി നൽകുന്നു. യൂണിറ്റിന്റെ പ്രവർത്തനത്തിനാവശ്യമായ ലോൺതുകയുടെ 75% (പരമാവധി 2,00,000/-) തുകയാണ്

സബ്സിഡി നൽകുന്നത്. ലോണിന്റെ 25% തുക പലിശസഹിതം കൃത്യമായി അടച്ചാൽ മാത്രമാണ് യൂണിറ്റിന്റെ അക്കൗണ്ടിലേയ്ക്ക് ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള സബ്സിഡി തുക നൽകുന്നത്. മേൽപറഞ്ഞ യൂണിറ്റുകളുടെ നിലവിലെ പ്രവർത്തനം, ലോണിന്റെ തിരിച്ചടവ് എന്നിവ വിശദമാക്കാൻ ആവശ്യപ്പെട്ടു നൽകിയ 11-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് വിശദീകരണം ലഭ്യമായില്ല. ആനുകൂല്യത്തിന് അർഹമായ യൂണിറ്റുകളുടെ പ്രവർത്തനം സംബന്ധിച്ച രേഖകളും സബ്സിഡി തുകയുടെ കാര്യക്ഷമമായ വിനിയോഗവും തെളിയിക്കുന്നതിനാവശ്യമായ രേഖകളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-6 സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പാടശേഖരസമിതികൾ/കർഷകസമിതികൾ/കർമ്മസേന എന്നിവയ്ക്ക് യന്ത്രോപകരണങ്ങൾ വാങ്ങി നൽകൽ |
| പ്രോജക്ട് നം. | എസ്0172/18 |
| നിർവ്വഹണം | കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| അടങ്കൽ | 659800/- രൂപ |
| ചെലവ് | 659800/- രൂപ (വികസന ഫണ്ട്) |

മേൽ പ്രോജക്ട് പ്രകാരം ടെണ്ടർ ക്ഷണിച്ച് ഉപകരണങ്ങൾ വാങ്ങി വിതരണം നടത്തിയിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം /നൽകിയ ഉപകരണം | പദ്ധതി തുക | ഗുണഭോക്തൃ വിഹിതം | ആകെ | കൈപ്പറ്റിയത് |
|---|---|---|---|---|---|
| 1 | റെയ്ഡ്കോ /ബെയ് ലർ | 306000/- | 34000/- | 340000/- | വാളകം ഗ്രാമപഞ്ചായത്ത് |
| 2 | കാംകോ /പവ്വർ ടില്ലർ | 144000/- | 17027/- | 161027/- | ആയവന |
| 3 | ,, | 144000/- | 17027/- | 161027/- | ആരക്കുഴ |
| 4 | അഗ്രി -ഹൈ-ടെക്. മാർക്കറ്റിംഗ് /പവ്വർ സ്പ്രേയർ | 22320/- | 2480/- | 24800/- | ,, |
| 5 | അഗ്രി -ഹൈ-ടെക്. മാർക്കറ്റിംഗ് /വീഡ് കട്ടർ | 21740/- | 3260/- | 25000/- | ,, |
| 6 | ,, | 21740/- | 3260/- | 25000/- | ,, |
| ആകെ | | 659800/- ബിൽ നം.4/17-18 | | | |

| | തീ.22/03/18 | | | |
|---|---|---|---|---|

എന്നാൽ യന്ത്രങ്ങൾ വാങ്ങി സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖയോ ,യന്ത്രങ്ങളുടെ വില സ്ഥാപനം കൈപ്പറ്റിയതിന്റെ രേഖയോ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഗുണഭോക്തൃവിഹിതം അടവാക്കിയതിന്റെ വിവരവും ലഭ്യമാക്കിയില്ല. മേൽപ്പറഞ്ഞ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 13ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. അതിനാൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 659800/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് - അധിക തുക നൽകി

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് |
| പ്രോജക്ട് നം. | എസ് 0076/18 |
| നിർവ്വഹണം | പട്ടികജാതി വികസന ഓഫീസർ |
| അടങ്കൽ | 350000/- രൂപ |
| ചെലവ് | 350000/- രൂപ (വികസന ഫണ്ട് – SCP)<br>(270000/- ബിൽ നം.1/17-18/16.12.17,80000/- ബിൽ നം.1/17-18 / 09.03.18) |

സ.ഉ.(എം.എസ്)നമ്പർ 80/2017/ത.സ്വ.ഭ.വ., തീ.03.04.2017 മാർഗ്ഗരേഖ പ്രകാരം എഞ്ചിനീയറിംഗ് കോഴ്സിന് 20000/-രൂപയാണ് പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് ആയി നൽകാവുന്നത്. രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ എം.ടെകിനു പഠിക്കുന്ന രാജി കെ.കെ., കാവിക്കുന്നേൽ, കുന്നയ്ക്കാൽ.പി.ഒ. വാളകം. എന്ന കുട്ടിയ്ക്ക് 30,000/- രൂപ നൽകിയതായി കാണുന്നു.(ക്രമ നം.-11,അക്കൗണ്ട് നം.67371464611,എസ്.ബി.ഐ-വാളകം) അതായത് അനുവദനീയമായതിൽ 10,000/-രൂപ അധികം നൽകി. അധികം നൽകിയ തുക ഉത്തരവാദിയായ പട്ടികജാതി വികസന ഓഫീസറിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ 14-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

## 3-8 മരുന്ന് മുഴുവൻ ലഭ്യമായില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പണ്ടപ്പിള്ളി സി.എച്ച്.സി. യ്ക്ക് മരുന്ന് വാങ്ങൽ |
| പ്രോജക്ട് നം. | S0078/18 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പണ്ടപ്പിള്ളി |

| | |
|---|---|
| അടങ്കൽ | 1,00,000/- രൂപ<br>(മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ്) |
| ചെലവ് | 1,00,000/- രൂപ ബിൽ നം.5/17-18,തീ.12.10.2017 |

മേൽ പ്രകാരം 1,00,000/-രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ടെങ്കിലും 61,663/-രൂപയുടെ മരുന്ന മാത്രമാണ് ലഭ്യമായത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇൻവോയിസ് നം/തീയതി | തുക |
|---|---|
| 1045/06.05.18 | 17892/- |
| 146/05.01.18 | 12412/- |
| 1044/20.04.18 | 18928/- |
| 15644/31.12.18 | 12431/- |
| ആകെ | 61663/- |

ബാക്കി 38,337/-രൂപയുടെ മരുന്ന് ലഭ്യമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (16/ 21.2.2019) നൽകിയെങ്കിലും മറുപടി ലഭിച്ചില്ല. അതിനാൽ ബാക്കിയുള്ള 38,337/-രൂപയുടെ മരുന്നുകൂടി ലഭ്യമാകുന്നതുവരെ ടി – തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 3-9 നിശ്ചിത സമയ പരിധിക്കുള്ളിൽ കരാർ വെയ്ക്കാത്ത പ്രവൃത്തികൾക്ക് ഫൈൻ ഈടാക്കിയില്ല.

1.

| | |
|---|---|
| പ്രോജക്ട് | ലീഡിംഗ് ചാനൽ നിർമ്മാണം – തടയണനിർമ്മാണം<br>(ആവോലി ഗ്രാമപഞ്ചായത്ത്) |
| പ്രോജക്ട് നം. | S 0064/18 |
| അടങ്കൽ | 67000/-(വികസനഫണ്ട്) |
| ബിൽ നം., തുക | 23/17-18/24.32018, 640000/- |
| കരാറുകാരൻ | ബഷീർ എം. |
| എഗ്രീഡ് പി.എ.സി. | 657421.50 രൂപ |

ഈ പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ, 12.10.2017ലെ സെലക്ഷൻ നോട്ടീസ് പ്രകാരം നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം എഗ്രിമെന്റ് വെച്ച് സ്ഥലം ഏറ്റെടുക്കേണ്ടതാണ്. കരാറുകാരൻ നോട്ടീസ് കൈപ്പറ്റിയതായി രേഖപ്പെടുത്തിയിട്ടുള്ളത് 28.12.2017ൽ ആണ്. എന്നാൽ എഗ്രിമെന്റ് വെച്ചിട്ടുള്ളത് 27.12.2017ൽ ആണ്. ഇത് ക്രമപ്രകാരമല്ല. 12.10.2017ലെ സെലക്ഷൻ നോട്ടീസ് തപാലിൽ അയച്ചാൽ തന്നെ പരമാവധി 10 ദിവസത്തിനകം കരാറുകാരന് ലഭിക്കുമെന്നിരിക്കെ രണ്ട് മാസങ്ങൾക്ക് ശേഷം നോട്ടീസ് കൈപ്പറ്റിയെന്നത് അംഗീകരിക്കാവുന്നതല്ല. കൂടാതെ എഗ്രിമെന്റ് വെച്ചതിന് ശേഷം നോട്ടീസ് കൈപ്പറ്റുകയെന്നത് അപ്രായോഗികമാണ്. ഇതിൽ നിന്നും പി.ഡബ്ല്യൂ.ഡി മാന്വൽ പ്രകാരം നിശ്ചിത

സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെച്ചിട്ടില്ലായെന്നത് വ്യക്തമാണ്. നിശ്ചിത സമയത്തിനകം കരാർ വയ്ക്കാത്ത കരാറുകാരിൽ നിന്ന് പി.ഡബ്ല്യൂ.ഡി മാന്വൽ സെക്ഷൻ 2009-6പ്രകാരം അടുത്ത 10 ദിവസത്തിനകം പി.എ.സിയുടെ 1% ഫൈൻ ഈടാക്കിക്കൊണ്ട് കരാർ വയ്ക്കാവുന്നതാണ്. എന്നാൽ ഇപ്രകാരം ഫൈൻ ഈടാക്കിയതായി കാണുന്നില്ല. ഇപ്രകാരം ഫൈൻ ഈടാക്കാതിരുന്നത് മൂലം (1%x657421.50), 6574/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയത് നഷ്ടോത്തരവാദിയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

2.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0051/18 |
| പ്രോജക്ട് | വനർക്കാവ് കുളിക്കടവ് നിർമ്മാണം - മഞ്ഞള്ളൂർ ഗ്രാമ പഞ്ചായത്ത് |
| എഗ്രീഡ് പി.എ.സി | 439869.70 രൂപ |
| കരാറുകാരൻ | ബെന്നി.ഒ.എം |

ഈ പ്രവൃത്തിക്ക് നൽകിയിട്ടുള്ള സെലക്ഷൻ നോട്ടീസിൽ 10/2017 എന്ന് മാത്രമാണ് തീയതി രേഖപ്പെടുത്തിയിട്ടുള്ളത്. കൃത്യമായ തീയതി രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ 20.10.2017ൽ കരാറുകാരന്റെ പേരിൽ വാങ്ങിയിട്ടുള്ള 30052 നമ്പർ മുദ്രപ്പത്രത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി എഗ്രിമെന്റ് വെച്ചിട്ടുള്ളത് 19.10.2017ൽ ആണ്. ഇത് അസാധ്യവും അപ്രായോഗികവുമാണ്. ഇതിൽനിന്നും നിശ്ചിത സമയത്തിനകം എഗ്രിമെന്റ് വെച്ചിട്ടില്ലായെന്നത് വ്യക്തമാണ്. എന്നാൽ നിശ്ചിത സമയത്തിനകം എഗ്രിമെന്റ് വെക്കാതിരുന്നിട്ടും ഫൈൻ ഈടാക്കിയതായി കാണുന്നില്ല. ഇപ്രകാരം ഫൈൻ ഈടാക്കാതിരുന്നത് മൂലം (1%x439869.70), 4399/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയത് നഷ്ടോത്തരവാദിയായ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ 7-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

.

## 3-10 വിനിയോഗ സാക്ഷ്യപത്രപ്രകാരം അധിക തുക തിരികെ നൽകിയിട്ടും അധികം ഈടാക്കിയ സെന്റേജ് ചാർജ് കുറവ് ചെയ്തില്ല.

പ്രോജക്ട് നമ്പർ -S0068/18

തട്ട് തൊണ്ട് തോട് ചെക്ക് ഡാം ഷട്ടർ നിർമ്മാണം, അടങ്കൽ- 500000, കരാറുകാരൻ -ജോബി ജോസഫ്

തട്ട് തൊണ്ട് റോഡ് ചെക്ക് ഡാം ഷട്ടർ നിർമ്മാണം - പ്രൊജക്ടായി മലമ്പുഴ ഇറിഗേഷൻ മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം 12.5

%സെന്റേജ് ചാർജ് (41238/- രൂപ) ഉൾപ്പെടെ ബിൽ നം. 22/17-18, തി. 12.3.2018 പ്രകാരം 385000 രൂപ മലമ്പുഴ ഇറിഗേഷൻ ഡിവിഷന് നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തിയുടെ പൂർത്തീകരണ സാക്ഷ്യപത്രം പ്രകാരം ആകെ മൂല്യം 331296/- രൂപയാണ്. ഇതിനോടൊപ്പം 12.5 % സെന്റേജ് ചാർജായ 41412/- രൂപയും ഉൾപ്പെടെ ആകെ 372708/- രൂപ കിഴിച്ച് 12292/- രൂപ തിരികെ ലഭിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി, ഇറിഗേഷൻ വകുപ്പ് എന്നിവക്ക് കേരള പി.ഡബ്ളിയു.ഡി. മാന്വൽ തന്നെയാണ് ബാധകം എന്നതിനാൽ സെക്ഷൻ 1601.4 പ്രകാരം എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിന് 2.5% സെന്റേജ് ചാർജ് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കാവുന്നതല്ല. ഇക്കാര്യം സ്പഷ്ടമാക്കിക്കൊണ്ട് 16.4.2018 ൽ സ.ഉ.(സാധാ.)നം. 1069/18 ത.സ്വ.ഭ.വ. നമ്പറായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയതിനാൽ അനുവദനീയമായ 10% ൽ അധികമായി നൽകിയ സെന്റേജ് ചാർജ് 8282/- രൂപ (331296 x 2.5%) തിരികെ ഈടാക്കുകയോ തുടർന്നുള്ള പ്രവൃത്തികളിൽ ക്രമപ്പെടുത്തുകയോ ചെയ്യേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ 9/20.2.2019 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

## 3-11 ചെലവ് പത്രികയിലെ വിവരങ്ങൾ പൂർണ്ണമല്ല

അർതക്കുളം - സംരക്ഷണഭിത്തി നിർമ്മാണം

പ്രോജക്ട് നമ്പർ 0070/18, ആകെ മൂല്യം -519715

അർതക്കുളം - സംരക്ഷണഭിത്തി നിർമ്മാണം- എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ബിൽ നമ്പർ 31/17-18 / 24.3.18 പ്രകാരം 490000/- രൂപയും ചെക്ക് നമ്പർ 8362145 /31.3.18 പ്രകാരം 29715/- രൂപയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 490000/- രൂപയുടെ ചെലവ് മാത്രമേ സാംഖ്യ പ്രകാരമുള്ള ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടുള്ളൂ. 29715/- രൂപയുടെ ചെലവ്, ചെലവ് പത്രികയിൽ ഉൾപ്പടാതിരുന്നത് പരിശോധിച്ച് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ 8/20.2.2019 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ചെലവ് വിവരങ്ങൾ പൂർണ്ണമായും സാംഖ്യ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-12 മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ അപാകതകൾ.

ബ്ലോക്ക് പഞ്ചായത്തിൽ 2017-18ൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ, ടെണ്ടർ അംഗീകരിക്കപ്പെടുന്ന കരാറുകാർക്ക് അയക്കുന്ന സെലക്ഷൻ നോട്ടീസുകളിൽ പലതിലും തീയതി രേഖപ്പെടുത്തുന്നില്ല. കൂടാതെ സെലക്ഷൻ നോട്ടീസ് രജിസ്റ്റർ ചെയ്ത് അയക്കുന്ന സാഹചര്യത്തിൽ നോട്ടീസ് രജിസ്റ്റർ ചെയ്യുന്ന തീയതിയും ഫയലിൽ എഴുതി സൂക്ഷിക്കാറില്ല. കൂടാതെ കരാറുകാർ നോട്ടീസ് കൈപ്പറ്റുന്ന തീയതിയും രേഖപ്പെടുത്താറില്ല. ആയതിനാൽ നിശ്ചിത സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെയ്ക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. ഇപ്രകാരം തീയതി രേഖപ്പെടുത്താത്തതുമൂലം സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വെയ്ക്കാത്തവരിൽ നിന്നും ഫൈൻ

ഈടാക്കുവാനും സാധിക്കുന്നില്ല. ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-13 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ ചെലവ് വിവരങ്ങൾ പൂർണ്ണമായും ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

2017-18ൽ നടപ്പിലാക്കിയ വിവിധ പ്രോജക്ടുകളുടെ ഫയൽ പരിശോധിച്ചതിൽ, വിവിധ കുടിവെള്ള പദ്ധതികളുടെ പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ/ ഇലക്ട്രിഫിക്കേഷൻ എന്നിവയ്ക്കായി കേരള വാട്ടർ അതോറിട്ടി, കേരള ഇലക്ട്രിസിറ്റി ബോർഡ് എന്നിവിടങ്ങളിൽ പദ്ധതി പണം 1874180/- രൂപ മുൻകൂറായി നിക്ഷേപിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ ചെലവ് വിവരങ്ങൾ ധനകാര്യ പത്രികയിലെ റെസീപ്റ്റ് ആന്റ് പേയ്മെന്റ് ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. നിക്ഷേപ പ്രവൃത്തികളുടെ വിവരങ്ങൾ ഖണ്ഡിക 4-2ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 3-14 ഐ.കെ.എം-ന് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ- അപാകതകൾ.

പ്രോജക്ട് നമ്പർ -16/18

അടങ്കൽ -20000/- രൂപ, ബിൽ നമ്പർ- 14/17-18 /28.10.17 -20000/- രൂപ

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം 20000/- രൂപ ഐ.കെ.എം-ന് നൽകിയിട്ടുണ്ട്. എന്നാൽ ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഫയലിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. പഞ്ചായത്ത് ഡയറക്ടറുടെ 24.7.14ലെ G4-16393/13 കത്ത് പ്രകാരം കമ്പ്യൂട്ടർവത്കരണത്തിന്റെ ഭാഗമായി ഐ.കെ.എമ്മിന് നൽകിയിട്ടുള്ള തുക വിനിയോഗിച്ചത് സംബന്ധിച്ച് വിനിയോഗ രേഖകൾ തദ്ദേശസ്ഥാപനങ്ങൾ വാങ്ങി സൂക്ഷിക്കേണ്ടതാണ്. ഈയിനത്തിൽ ഐ.കെ.എം- ബ്ലോക്ക് പഞ്ചായത്തിനും തിരിച്ചും തുക നൽകുവാനുണ്ടെങ്കിൽ ആയത് സംബന്ധിച്ച (വിനിയോഗം/ തിരിച്ച് നൽകിയത് / ക്രമീകരിച്ചത്) വിശദ വിവരം വാങ്ങി സൂക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1 | ഗ്രാമ പഞ്ചായത്ത് | 2017-18 | 200000 | പി.എം.എ.വൈ ഭവന നിർമ്മാണം | 00 | 200000 |
| 2 | ഗ്രാമ | 2017-18 | 2329000 | നെൽകൃഷി | 00 | 2329000 |

| | | | | | | |
|---|---|---|---|---|---|---|
| | പഞ്ചായത്ത് | | | കൂലിചെലവ് സബ്സിഡി | | |
| 3 | ഗ്രാമ പഞ്ചായത്ത് | 2017-18 | 2630000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 00 | 2630000 |
| 4 | ജില്ലാ പഞ്ചായത്ത് | 2017-18 | 1450000 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 00 | 1450000 |
| 5 | ജില്ലാ പഞ്ചായത്ത് | 2017-18 | 280000 | പി.എം.എ.വൈ ഭവന നിർമ്മാണം | 00 | 280000 |

# 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവഴി ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി | പ്രോജക്ട്-8/18, ആരക്കുഴ,പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 29/17-18 | 192000 | 00 | 192000 |
| കേരള വാട്ടർ അതോറിട്ടി | പ്രോജക്ട്-132/18, മാറാടി,പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 22/17-18 | 350000 | 00 | 350000 |
| കേരള വാട്ടർ അതോറിട്ടി | പ്രോജക്ട്-146/18, ആരക്കുഴ, പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 42/17-18 | 60000 | 00 | 60000 |
| കേരള വാട്ടർ അതോറിട്ടി | പ്രോജക്ട്-152/18, ആയവന,പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 44/17-18 | 60000 | 00 | 60000 |
| കേരള വാട്ടർ അതോറിട്ടി | പ്രോജക്ട്-177/18, പായിപ്ര, പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 51/17-18 | 400000 | 00 | 400000 |
| കേരള വാട്ടർ അതോറിട്ടി | പ്രോജക്ട്-155/18, വാളകം,പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 41/17-18 | 40000 | 00 | 40000 |
| കേരള വാട്ടർ അതോറിട്ടി | പ്രോജക്ട്169/18, പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 43/17-18 | 43000 | 00 | 43000 |
| കേരള വാട്ടർ അതോറിട്ടി | പ്രോജക്ട്-12/18, ആയവന, പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 17/17-18 | 225000 | 00 | 225000 |

| | | | | | |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി | പ്രോജക്ട്-133/18, പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 16/17-18 | 214000 | 00 | 214000 |
| കേരള വാട്ടർ അതോറിട്ടി | പ്രോജക്ട്-22/18, പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 20/17-18 | 100000 | 00 | 100000 |
| കേരള വാട്ടർ അതോറിട്ടി | പ്രോജക്ട്-14/18, പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 18/17-18 | 125000 | 00 | 125000 |
| കേരള വാട്ടർ അതോറിട്ടി | പ്രോജക്ട്-13/18, പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ | 11/17-18 | 250000 | 00 | 250000 |
| കേരള ഇലക്ട്രിസിറ്റി ബോർഡ് | പ്രോജക്ട്-25/18, ഇലക്ട്രിക് ലൈൻ എക്സ്റ്റെൻഷൻ | 15/17-18<br>80/17-18 | 121130<br>38870 | 00<br>00 | 121130,<br>38870 |
| കേരള ഇലക്ട്രിസിറ്റി ബോർഡ് | പ്രോജക്ട്-150/18, ഇലക്ട്രിക് ലൈൻ എക്സ്റ്റെൻഷൻ | 16/17-18 | 196250 | 00 | 196250 |
| കേരള ഇലക്ട്രിസിറ്റി ബോർഡ് | പ്രോജക്ട്-9/18, ഇലക്ട്രിക് ലൈൻ എക്സ്റ്റെൻഷൻ | 13/17-18 | 99840 | 00 | 99840 |
| കേരള ഇലക്ട്രിസിറ്റി ബോർഡ് | പ്രോജക്ട്-10/18, ഇലക്ട്രിക് ലൈൻ എക്സ്റ്റെൻഷൻ | 12/17-18 | 59960 | 00 | 59960 |

.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

.

## 4-4 വായ്പ / വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് നം. തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടാ യിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക. |
|---|---|---|---|---|---|
| ഐ.എ.വൈ | 012/48313 LN794/1028 dt.26.4.13 | 4275000 | 3859000 | 00 | 3859000 |

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവൊന്നുമില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8 ചാർജ്ജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 50078337 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 61730597 |
| വരവിനങ്ങളിലുള്ള നഷ്ടം | 4280 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 56133 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4139857 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1(1) | 1250 | | ശ്രീകല.എം.ചന്ദ്രൻ<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 2-1(2) | 396 | | സൗമ്യ ജോസഫ്, സി.ഡി.പി.ഓ |
| 2-3 | 2634 | | നൈസി റഹ്മാൻ, സെക്രട്ടറി |
| 3-3 | | 37851 | നൈസി റഹ്മാൻ, സെക്രട്ടറി |
| 3-7 | | 10000 | ഷൈനിമോൾ.കെ.ബി,<br>പട്ടികജാതി വികസന ഓഫീസർ |
| 3-11 | | 8282 | ശ്രീകല.എം.ചന്ദ്രൻ<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| ആകെ | 4280 | 56133 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| നമ്പർ | | |
|---|---|---|
| 3-1 | 497180 | നൈസി റഹ്മാൻ, സെക്രട്ടറി |
| 3-2 | 55540 | സൗമ്യ ജോസഫ്, സി.ഡി.പി.ഓ. |
| 3-4(1) | 560000 | സൗമ്യ ജോസഫ്,സി.ഡി.പി.ഓ. |
| 3-4(2) | 2329000 | മോഹനൻ.കെ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 3-6 | 659800 | മോഹനൻ.കെ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 3-8 | 38337 | ടി.കെ.മോഹൻദാസ്, മെഡിക്കൽ ഓഫീസർ സി.എച്ച്.സി |
| ആകെ | 4139857 | |

(സി) കേന്ദ്ര സംസ്ഥാന സർക്കാറുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ.

ഇല്ല.

(ഡി.) നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗികമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| നൈസി റഹ്മാൻ,<br>സെക്രട്ടറി | ജില്ലാ വനിതാക്ഷേമ ഓഫീസർ,<br>ഇടുക്കി | ഹമീബിയ<br>ബിൽഡിംഗ്<br>പത്തനാപുരം.പി.ഓ<br>കൊല്ലം |
| ശ്രീമതി. ശ്രീകല.എം<br>ചന്ദ്രൻ<br>അസിസ്റ്റന്റ്<br>എക്സിക്യൂട്ടീവ്<br>എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>മൂവാറ്റുപുഴ | മഞ്ജുഷ ഭവൻ<br>കരിമണ്ണൂർ.പി.ഓ |
| ശ്രീമതി. സൗമ്യ<br>ജോസഫ്,<br>സി.ഡി.പി.ഓ | സി.ഡി.പി.ഓ<br>മൂവാറ്റുപുഴ | പാപ്പിനശ്ശേരിൽ<br>ഏഴക്കരനാട്<br>സൗത്ത്.പി.ഓ |
| ശ്രീമതി. ഷൈനിമോൾ.<br>കെ.ബി,<br>പട്ടികജാതി വികസന<br>ഓഫീസർ | പട്ടികജാതി വികസന ഓഫീസർ<br>മൂവാറ്റുപുഴ | നിരപ്പേൽവീട്<br>വടാട്ടുപാറ.പി.ഓ<br>കോതമംഗലം |
| മോഹനൻ.കെ<br>കൃഷി അസിസ്റ്റന്റ്<br>ഡയറക്ടർ | വിരമിച്ചു | മറ്റക്കാട്ട് വീട്<br>കൂത്താട്ടുകുളം |
| ടി.കെ. മോഹൻദാസ്,<br>മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | കൃഷ്ണകടാക്ഷം<br>പിറവം – 686667 |

.

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-1998 | എൽ.എഫ്.ഇ. (സി1) 460/03 / 16.09.2003 |
| 1998-1999 | എൽ.എഫ്.ഇ. (സി1)459/03 / 16.09.2003 |
| 1999-2000 | എൽ.എഫ്.ഇ. (സി1)1064/04 / 17.12.2004 |
| 2000-2001 | എൽ.എഫ്.ഇ. (സി1)730/05 / 02.12.2005 |
| 2001-2002 | എൽ.എഫ്.ഇ. (സി1)286/06 / 16.08.2006 |
| 2002-2003 | എൽ.എഫ്.ഇ. (സി1)285/06 / 16.08.2006 |
| 2003-2004 | എൽ.എഫ്.ഇ. (സി1)585/07 / 28.02.2008 |
| 2004-2005 | എൽ.എഫ്.ഇ. (സി1)586/07 / 28.02.2008 |
| 2007-2008 | എൽ.എഫ്.ഇ. (സി1)724/10 / 09.12.2011 |
| 2008-2009 | എൽ.എഫ്.ഇ. (സി1)725/10 / 09.12.2011 |
| 2009-2010 | എൽ.എഫ്.ഇ. (സി1)1726/10 / 09.12.2011 |
| 2010-2011 | എൽ.എഫ്.ഇ. (ബി.പി.1)476/12 / 04.04.2012 |
| 2011-2012 | എൽ.എഫ്.ഇ. (ബി.പി.1)285/13 / 11.03.2013 |
| 2013-2014<br>2014-2015 | കെ.എസ്.എ.-ഇ.കെ.എം (ബി. പി.2) 586/2016 |
| 2015-16 | കെ.എസ്.എ.-ഇ.കെ.എം (ബി. പി.) 352/2017 |
| 2016-17 | കെ.എസ്.എ.-ഇ.കെ.എം (ബി. പി.) 2193/2017/ 15.12.17 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ്

.

## <u>അനുബന്ധം - 1</u>

### <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

കെ.എസ്.എ.ഇ.കെ.എം.(ബിപി.)291/2019

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം. 0484 2422271,
lfadekm@gmail.com
തീയതി:11.3.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 295(4) എന്നിവ അനുസരിച്ചും പഞ്ചായത്തുകളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ

2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

ജോയിന്റ് ഡയറക്ടർ

<u>2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ</u>

1.ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. IAY ലോൺ അക്കൗണ്ടിന്റെ (A/c No.012281000000031) സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസും ധനകാര്യ പത്രിക പ്രകാരമുള്ള ബാലൻസും പൊരുത്തപ്പെടുന്നില്ല.

3.സാക്ഷരത അക്കൗണ്ടിന്റെ (A/c No.012281000000024) വിവരങ്ങൾ ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

4.ധനകാര്യ പത്രിക പ്രകാരം തൻവർഷം വാടക വരവ് 169591/- രൂപയാണ്. എന്നാൽ രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം 204766/- രൂപയാണ്.

.

ജോയിന്റ് ഡയറക്ടർ
സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ്